സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

കേരളസർക്കാർ വിദ്യാഭ്യാസവകുപ്പ്

# നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പ് എക്സാമിനേഷൻ (NMMS പരീക്ഷ) 2017

കേരളത്തിലെ ഗവൺമെന്റ്/ എയ്ഡഡ് സ്കൂളുകളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥികൾക്കായി എസ്.സി.ഇ.ആർ.ടി നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പ് യോഗ്യതാ പരീക്ഷ നടത്തുന്നു. **2017 നവംബർ മാസം 5ന്** നടക്കുന്ന പരീക്ഷയ്ക്ക് ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കാം.

## NMMS പരീക്ഷയ്ക്ക് അപേക്ഷിക്കുവാനുള്ള യോഗ്യതകൾ

കേരളത്തിലെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ 2017 – 18 അധ്യയനവർഷം **എട്ടാം ക്ലാസിൽ** പഠിക്കുന്ന വിദ്യാർഥികൾക്ക് മാത്രമെ NMMS പരീക്ഷയിൽ പങ്കെടുക്കുവാൻ അർഹതയുള്ളൂ. കേന്ദ്രീയ വിദ്യാലയങ്ങളിലും, ജവഹർ നവോദയ വിദ്യാലയങ്ങളിലും, സംസ്ഥാന സർക്കാർ നടത്തുന്ന റസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളും ഈ സ്കോളർഷിപ്പിന് അർഹരല്ല.

2016–17 അധ്യയന വർഷത്തിൽ 7–ാം ക്ലാസിലെ വർഷാവസാന പരീക്ഷയിൽ 55% മാർക്കിൽ കുറയാതെ നേടിയിട്ടുള്ളവരും (എസ്.സി./എസ്.റ്റി വിദ്യാർത്ഥികൾക്ക് 50% മാർക്ക്) രക്ഷകർത്താക്കളുടെ **പ്രതിവർഷ വരുമാനം 1,50,000/- ൽ** കൂടാത്തവരുമായ വിദ്യാർഥികൾക്ക് സംസ്ഥാന തല പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്.

രക്ഷിതാക്കളുടെ വാർഷിക വരുമാനം 1,50,000/- രൂപയിൽ കുറവാണെന്ന് തെളിയിക്കുന്നതിന് വില്ലേജ് ഓഫീസിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ്, SC/ST വിഭാഗത്തിൽപ്പെട്ട കുട്ടികൾ അവരുടെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ്, അംഗവൈകല്യമുള്ള കുട്ടികൾ (PH) 40% ത്തിൽ കൂടുതൽ അംഗവൈകല്യം ഉണ്ടെന്ന് തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ ഹാർഡ് കോപ്പിയോടൊപ്പം അയച്ചുതരേണ്ടതാണ്. **ഓൺലൈൻ വഴി അപേക്ഷ അയക്കേണ്ട അവസാന തീയതി 31.08.2017.**

20 ഒക്ടോബർ 2017 മുതൽ ആപ്ലിക്കേഷൻ ഐ.ഡി.യും ആപ്ലിക്കേഷൻ നമ്പറും എന്റർ ചെയ്ത് ഹാൾടിക്കറ്റുകൾ ഓൺലൈനായി എടുക്കാവുന്നതാണ്. ഇതിന് ആപ്ലിക്കേഷൻ ഐ.ഡി.യും ആപ്ലിക്കേഷൻ നമ്പറും കൃത്യമായി അറിഞ്ഞിരിക്കേണ്ടതാണ്.

## അപേക്ഷിക്കേണ്ട രീതി

NMMS പരീക്ഷയ്ക്ക് **ഓൺലൈൻ വഴിയാണ് അപേക്ഷകൾ** അയക്കേണ്ടത്.

ആധാർ നമ്പർ തെറ്റു കൂടാതെ ശ്രദ്ധിച്ച് എന്റർ ചെയ്യേണ്ടതാണ്. ആധാർ നമ്പർ ഇല്ലാത്ത കുട്ടി ഇ ഐ ടി നമ്പർ എന്റർ ചെയ്യേണ്ടതാണ്. അപേക്ഷാ ഫോറത്തിൽ തിരുത്തലുകൾ വരുത്തണമെന്നുണ്ടെങ്കിൽ 'Online application editing' ക്ലിക്ക് ചെയ്ത് ആപ്ലിക്കേഷൻ ഐ.ഡി. യും ആപ്ലിക്കേഷൻ നമ്പരും എന്റർ ചെയ്ത് തിരുത്താവുന്നതാണ്.

ആപ്ലിക്കേഷൻ പൂരിപ്പിച്ചശേഷം Submit ക്ലിക്ക് ചെയ്ത് print out (hard copy) എടുക്കുക. ആപ്ലിക്കേഷൻ ഫോം അവസാനം confirm ചെയ്യേണ്ടതാണ്.

**ആപ്ലിക്കേഷൻ ID യും ആപ്ലിക്കേഷൻ നമ്പരും തുടർന്നുള്ള ആവശ്യങ്ങൾക്കായി സൂക്ഷിച്ച് വയ്ക്കേണ്ടതാണ്. അതിനാൽ എല്ലാ കുട്ടികളും ഓൺലൈൻ അപേക്ഷ യുടെ ഹാർഡ്കോപ്പിയുടെ പകർപ്പ് സൂക്ഷിക്കേണ്ടതാണ്.**

ഹെഡ്മാസ്റ്റർ ബന്ധപ്പെട്ട സർട്ടിഫിക്കറ്റ്/ രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തിയതിനുശേഷം ഹാർഡ് കോപ്പിയിൽ ഒപ്പ് വയ്ക്കേണ്ടതാണ്.

**മതിയായ സർട്ടിഫിക്കറ്റുകൾ/ രേഖകൾ ഇല്ലാത്ത അപേക്ഷാഫോമുകൾ സ്വീകരി ക്കുന്നതല്ല.**

**NMMS പരീക്ഷക്ക് അപേക്ഷാ ഫീസില്ല.**

**ഹാർഡ് കോപ്പികൾ എസ്.സി.ഇ.ആർ.ടി. ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി 10 സെപ്റ്റംബർ 2017.**

ഹാർഡ് കോപ്പി അയക്കേണ്ട മേൽവിലാസം:

**The Co-ordinator**
NMMS Examination
SCERT, Poojappura, Thiruvananthapuram - 12

**പരീക്ഷാ നടപടിക്രമം**

90 മിനിട്ട് വീതമുള്ള രണ്ട് പാർട്ടുകളായിട്ടാണ് ടെസ്റ്റ് നടത്തുന്നത്. അതിൽ **ഒന്നാം പാർട്ടിൽ** Scholastic Aptitude Test (SAT) ഭാഷേതര വിഷയങ്ങളായ സാമൂഹ്യശാസ്ത്രം, അടിസ്ഥാന ശാസ്ത്രം, ഗണിതം എന്നിവയിൽ നിന്ന് **90 വസ്തുനിഷ്ഠ** ചോദ്യങ്ങൾ ഉണ്ടായിരിക്കും.

**രണ്ടാം പാർട്ടിൽ** Mental Ability Test (MAT) മനോനൈപുണി പരിശോധിക്കുന്ന **90 വസ്തുനിഷ്ഠ** ചോദ്യങ്ങളും ഉണ്ടായിരിക്കും.

രണ്ട് പാർട്ടിലേയും ഓരോ ചോദ്യത്തിനും ഓരോ മാർക്ക് വീതമാണ് നൽകുന്നത്.

**ഒന്നാം പാർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളവ**

കേരള സിലബസ് അനുസരിച്ചുള്ള എട്ടാം ക്ലാസിലെ സെക്കന്റ് ടേം വരെയുള്ള പാഠഭാഗങ്ങൾ, താഴ്ന്ന ക്ലാസുകളിൽ പഠിച്ചിട്ടുള്ളതും പ്രസ്തുത വിഷയം മനസ്സിലാക്കുന്നതിന് ഒഴിവാക്കാൻ കഴിയാത്തതുമായ പാഠഭാഗങ്ങൾ.

പരീക്ഷാർഥികൾ ഒന്നാം പാർട്ടിലെ ഉത്തരങ്ങൾ ആദ്യം എഴുതേണ്ടതാണ്. ഒരു മണിക്കൂർ ഇട വേളക്ക് ശേഷം രണ്ടാം പാർട്ടിലെ ഉത്തരം എഴുതണം.

ഏത് ഭാഷയിലുള്ള ചോദ്യപേപ്പറാണ് വേണ്ടതെന്ന് ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടു ത്തണം. ഇംഗ്ലീഷ്, മലയാളം, തമിഴ്, കന്നട മീഡിയം ചോദ്യങ്ങളിൽ ഏതും തെരഞ്ഞെടുക്കാം.

**പരീക്ഷാ തീയതി: 05.11.2017.**

(i) Part I: SAT

| | |
|---|---|
| 9 am to 10.30 am | എല്ലാ പരീക്ഷാർഥികൾക്കും |
| 9 am to 11.00 am | വൈകല്യം ഉള്ളവർക്ക് |

(ii) Part II: MAT

| | |
|---|---|
| 11.30 am to 01.00 pm | എല്ലാ പരീക്ഷാർഥികൾക്കും |
| 11.30 am to 01.30 pm | വൈകല്യം ഉള്ളവർക്ക് |

(ഒപ്പ്)

**ഡയറക്ടർ**